പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 4009 15.03.2017 ൽ മറുപടിക്ക്

**കാടാമ്പുഴ ഭഗവതി ക്ഷേത്രം ഇടത്താവളമാക്കാൻ നടപടി**

| ചോദ്യം | | മറുപടി |
|---|---|---|
| പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ | | ശ്രീ. കടകംപള്ളി സുരേന്ദ്രൻ (സഹകരണവും ടൂറിസവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) | മലപ്പുറം ജില്ലയിലെ കാടാമ്പുഴ ഭഗവതി ക്ഷേത്രം ശബരിമല തീർത്ഥാടകരുടെ ഇടത്താവളമാക്കി മാറ്റണമെന്ന ദേവസ്വത്തിന്റെ നിവേദനത്തിൽ വകുപ്പ് സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ; | (എ) യും (ബി) & (സി) ഇടത്താവളങ്ങൾ നിർമ്മിക്കുന്നതു സംബന്ധിച്ച് ദേവസ്വം മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ബന്ധപ്പെട്ടവരുടെ യോഗം 09.03.2017 ന് ചേരുകയുണ്ടായി. കേരളത്തിൽ തിരുവനന്തപുരം മുതൽ കാസർഗോഡ് വരെ ഇടത്താവളങ്ങൾ നിർമ്മിക്കുന്നതിനായി 38 ഇടങ്ങൾ കണ്ടെത്തിയിട്ടുണ്ട്. ഇതിൽ കാടാമ്പുഴ ഭഗവതി ക്ഷേത്രത്തെയും ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | ഇത് സംബന്ധിച്ച് കാടാമ്പുഴ ഭഗവതി ദേവസ്വവും മലബാർ ദേവസ്വവും നൽകിയ നിവേദനങ്ങൾ ദേവസ്വം വകുപ്പ് പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | |
| (സി) | കാടാമ്പുഴ ഭഗവതി ക്ഷേത്രത്തെ ശബരിമല തീർത്ഥാടകരുടെ ഇടത്താവളമാക്കിക്കൊണ്ടുള്ള ഉത്തരവ് പുറപ്പെടുവിക്കുവാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | |

സെക്ഷൻ ഓഫീസർ